LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ആകെയുള്ള ചെക്ക് ഡാമുകൾ

50 [3303] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെക്ക് ഡാമുകൾ ഉണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെക്ക് ഡാമുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞു കൊണ്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ പണി പൂർത്തിയായ 70 ചെക്ക് ഡാമുകൾ ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 42 ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 28 ചെക്ക് ഡാമുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(സി) ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനായുള്ള പഠനങ്ങൾ നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലാണ് ചെക്ക് ഡാമുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്.

എങ്ങണ്ടിയൂർ കൈപ്പമംഗലം പഞ്ചായത്തുകളിലെ പാലങ്ങളും കനോലി കനാലിന്റെ തീരസംരക്ഷണവും

51 [3304] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ എങ്ങണ്ടിയൂർ, കൈപ്പമംഗലം പഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏതെങ്കിലും പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും ഇതിനായി എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;